# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1479

22/03/2013 - ൽ മറുപടി പറയേണ്ടിയിരുന്നത്.

## വരൾച്ച മൂലമുള്ള കൃഷിനാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ആർ. സെൽവരാജ് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | വരൾച്ച മൂലം സംസ്ഥാനത്തുണ്ടായ കൃഷി നാശം നേരിടാൻ എന്തെല്ലാം നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (എ) | വരൾച്ച ബാധിത പ്രദേശങ്ങളിലെ കണക്കുകൾ ശേഖരിച്ച്, കേന്ദ്ര സർക്കാരിന്റെ ധന സഹായത്തിനായി സംസ്ഥാന ദുരന്ത നിവാരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. വരൾച്ച മൂലം കൃഷി നാശം സംഭവിച്ച കർഷകരിൽ നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി സ്വീകരിച്ചു വരുന്നു. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായവർക്ക് വിള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാനും നിർദ്ദേശിച്ചിരുന്നു. പൂർണ്ണമായും നെൽകൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ 15240 കിലോ നെൽവിത്ത് സംസ്ഥാന വിത്ത് അതോറിറ്റി വഴി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | 11/06/2012 - ലെ ജി.ഒ. (എംഎസ്.)നം.239/ 2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നിലവിൽ സംസ്ഥാന ദുരന്തനിവാരണ നിധിയിൽ നിന്ന് നഷ്ട പരിഹാരം നൽകി വരുന്നുണ്ട്. വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷയും നൽകുന്നുണ്ട്. കൂടാതെ എല്ലാ ഇൻഷ്വറൻസ് പദ്ധതികളും പെൻഷൻ പദ്ധതികളും ഉൾപ്പെടുത്തി എല്ലാ വിള |

|  |  |  |  |
|---|---|---|---|
|  |  |  | കൾക്കും ഏതു തരത്തിലുള്ള കൃഷി നാശമോ വിലയിടിവോ സംഭവിച്ചാലും പരിരക്ഷ നൽകുന്നതിനായി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | വരൾച്ചാ സഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (സി) & (ഡി) | നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിലവിൽ നഷ്ടപരിഹാരം നൽകുന്നത്. ആയതിന് മാറ്റം വരുത്തുന്നതിന് കേന്ദ്ര സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? |  |  |

സെക്ഷൻ ഓഫീസർ